(ബി) നിരന്തരമായി റെയിഡുകൾ നടത്തിയും വാഹനപരിശോധനകൾ നടത്തിയും വ്യജചാരായവാറ്റും വിൽപ്പനയും തടയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വ്യാജചാരായവാറ്റും വിൽപ്പനയും തടയുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

53 (368) സോഷ്യൽ ഫോറസ്ട്രി പ്രോജക്ട്

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അയർകുന്നം പഞ്ചായത്തിൽ പുന്നത്തറയിൽ സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ചേർന്ന് ഒരു പ്രോജക്ട് ഏറ്റെടുത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനുവേണ്ടി എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇതിനു ഈ വർഷവും അടുത്ത സാമ്പത്തിക വർഷവും എത്ര രൂപ വീതം നൽകുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

54 (371) ആനകളുടെ സംരക്ഷണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളുടെ സംരക്ഷണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കാട്ടിലുള്ള ആനകളുടെ എണ്ണം എത്ര; ഈ കണക്ക് എന്നാണ് എടുത്തിട്ടുള്ളത്;

(സി) കാട്ടാനകളുടെ എണ്ണം എത്ര;

(ഡി) നാട്ടാനകൾക്ക് ഉണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) തൃശൂർ ജില്ലയിൽ ആനകുട്ടികൾ രോഗംമൂലം ചെരിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(എഫ്) തൃശ്ശൂർ കൂടൽകുളങ്ങരക്ഷേത്രത്തിലെ ആനക്കുട്ടി ജനുവരി 30 -ന് ചെരിഞ്ഞത് എന്തു രോഗം മൂലമാണ്; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആനകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി അവയുടെ ആവാസ വ്യവസ്ഥ സംരക്ഷിച്ച് പരിപോഷിപ്പിക്കുക, ആനത്താരകൾ സൃഷ്ടിക്കുക, ആനവേട്ട ഫലപ്രദമായി തടയുക എന്നീ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി 'പ്രോജക്ട് എലിഫന്റ്' എന്ന പദ്ധതി 91-92 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതിനായി നാളിതുവരെ 581.043 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. ആനത്താരകൾക്കായി വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ 131.4160 ഹെക്ടർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) കാട്ടിൽ 5737 ആനകൾ ഉള്ളതായാണ് 1997-ലെ സെൻസസ് പ്രകാരം കണക്കാക്കിയിട്ടുള്ളത്.

(സി) നാട്ടിൽ ഏകദേശം 450 ആനകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

(ഡി) ഇല്ല.

(ഇ) കണ്ണൻ എന്ന ആനക്കുട്ടി ചെരിഞ്ഞതല്ലാതെ തൃശൂർ ജില്ലയിൽ ആനക്കുട്ടികൾ വ്യാപകമായ തോതിൽ രോഗം മൂലം ചെരിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ ആനക്കുട്ടിയുടെ മരണകാരണം അറിവായിട്ടില്ല.

(എഫ്) &(ജി) വനം വകുപ്പിന് അറിയില്ല.

55 (372) വനം വകുപ്പിൽ പുതിയ ആസ്ഥാന മന്ദിരോദ്ഘാടനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ പുതിയ സംസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ മന്ദിരത്തിന്റെ നിർമ്മാണത്തിന് വേണ്ടി ഇതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(സി) മന്ദിരത്തിന്റെ യഥാർത്ഥ അടങ്കൽ തുക എത്രയായിരുന്നു;

(ഡി) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുമ്പോൾ എന്തു തുക ചെലവ് വരും എന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഈ മന്ദിരത്തിന്റെ നിർമ്മാണത്തിനുവേണ്ടി എന്തു തുകയ്ക്കുള്ള തേക്കുതടികൾ ഉപയോഗിച്ചിട്ടുണ്ട്;

(എഫ്) പ്രസ്തുത മന്ദിരത്തിന്റെ ഉദ്ഘാടനം സർക്കാർ അറിയാതെ വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഈ മന്ദിരത്തിന്റെ ഉദ്ഘാടനം ലളിതമായ ചടങ്ങായി നടത്തണമെന്ന് വ്യക്തമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയായി. ഇലക്ട്രിക്കൽ, ഫർണിഷിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടില്ല.

(ബി) 2,09,92,717 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly